**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3263** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിൽ വരുത്തിയ ശേഷം ടൂറിസം മേഖലയിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ; | (എ) | ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തിന്റെ അടിസ്ഥാന തത്ത്വങ്ങളായ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് കേരളത്തിലെ ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഉത്തരവാദിത്ത ടൂറിസം എന്ന ആശയം അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവെൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം സ്റ്റോറിടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു.<br><br>ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് നിലവിൽ ചെയ്ത് വരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>• പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.<br>• ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.<br>• ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകുക. |

| | | | |
|---|---|---|---|
| | | | • വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്/ക്യുസീൻ ടൂർ, ആക്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക<br>• ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.<br>• ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.<br>• പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുകയും ചെയ്യുക.<br>• തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നതിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ വികസന, സംരഭകത്വ വികസന പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം കേരളത്തിലെത്തുന്ന വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് അറിയിക്കാമോ? | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന് ശേഷം എക്സ്പീരിയൻഷ്യൽ ടൂറിസത്തിന്റെ ഭാഗമായിട്ടുള്ള വില്ലേജ് ലൈഫ്, കൾച്ചറൽ, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തിൽ അനുഭവേദ്യ വിനോദസഞ്ചാരം ശക്തിപ്പെടുത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഏറ്റവും അധികം വിദേശ വിനോദസഞ്ചാരികളാണ് ഈ പദ്ധതികൾ ആസ്വദിക്കാനെത്തിച്ചേരുന്നത്. 2023 കലണ്ടർ വർഷം സംസ്ഥാനത്ത് എത്തിയ വിദേശ സഞ്ചാരികൾ 6,49,057 ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 87.83% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വന്ന ഈ വർദ്ധനവിന് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളും കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ